**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2013** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ കടത്ത് കേസിലെ പ്രതിയുടെ ആരോപണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സ്വർണ്ണ കടത്ത് കേസിലെ പ്രതി മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും എതിരെ നടത്തിയ ആരോപണത്തിന്റെ നിജസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ പ്രസ്താവനകൾക്കു പിന്നിലെ ഗൂഢാലോചന ആരോപിച്ചുകൊണ്ട് ശ്രീ.കെ.ടി.ജലീൽ എം.എൽ.എ നൽകിയ പരാതിയിന്മേൽ തിരുവനന്തപുരം കന്റോൺമെൻറ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153,120(B) IPC പ്രകാരവും അഡ്വ.സി.പി.പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 423/2022 u/s 505(1)(b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിക്കെതിരെ മുഖ്യമന്ത്രി അപകീർത്തിക്കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിലെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . |
| (സി) | സ്വർണ്ണ കടത്ത് കേസിലെ പ്രതിയുടെ ആരോപണങ്ങൾ സംബന്ധിച്ച തുടർ നിയമനടപടികൾക്കായി സർക്കാർ നിയമോപദേശം തേടിയിരുന്നോ; എങ്കിൽ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (സി) | (എ) പിരിവിലെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ